നിയമനിർമ്മാണകാര്യം (തുടർച്ച)

(2) 1999-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ† ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : സർ, 1999-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

[4 P.M] ശ്രീ. എ. കണാരൻ : സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുകയാണ്. സത്യസന്ധമായി, കൃത്യനിഷ്ഠയോടെ ജനങ്ങൾ തമ്മിലുള്ള അന്തരം അവസാനിപ്പിക്കാൻ പാവപ്പെട്ടവരുടേയും ദുർബല ജനവിഭാഗങ്ങളുടേയും ഉയർച്ചയേയും വളർച്ചയേയും അടിസ്ഥാനപ്പെടുത്തിത്തന്നെ ധനം വിനിയോഗിക്കുന്ന സർക്കാരിന്റെ ഈ ബില്ലിനെ സന്തോഷത്തോടുകൂടിയാണ് ഞാൻ അനുകൂലിക്കുന്നത്. രണ്ടു ദിവസങ്ങളായി നാം കേട്ടുകൊണ്ടിരിക്കുന്നതാണ് പ്രതിപക്ഷത്തിന്റെ എതിർപ്പ്. കോൺഗ്രസ് എന്തിനാണ് ഇതിനെ എതിർക്കുന്നതെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും എവിടെ നോക്കിയാലും അവിടെയെല്ലാം നമുക്ക് വികസനപ്രവർത്തനങ്ങൾ കാണാമെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. രാഷ്ട്രീയമോ ജാതിവ്യത്യാസമോ ഇല്ലാതെ ഗ്രാമസഭകളിലും മറ്റും ലക്ഷക്കണക്കിന് ആളുകൾ ചേർന്നുകൊണ്ടിരിക്കുന്നു. 25 ലക്ഷത്തോളം ആളുകളാണ് അവിടെ ചേർന്നത്. രാജ്യത്തൊട്ടാകെ പഴയകാലത്തെ ഗവൺമെന്റിന്റെ സമയത്തു നോക്കിയാൽ വികസന പ്രവർത്തനത്തിന്റെ കല്ലുമാത്രം കാണാമായിരുന്നു. അവിടവിടെയായി റോഡിന്റേയും പാലങ്ങളുടേയും തറക്കല്ലിട്ടു എന്നുള്ളതല്ലാതെ വേറെയൊന്നും ഉണ്ടായില്ല. അതിൽനിന്നും വ്യത്യസ്തമായി കുളങ്ങൾ കുഴിക്കുന്ന, റോഡുകളും കനാലുകളും പാലങ്ങളും ഉണ്ടാക്കുന്ന, കുടിവെള്ള പദ്ധതി ആവിഷ്കരിക്കുന്ന, കൃഷിചെയ്യുന്ന, നെൽപ്പാടങ്ങളും പച്ചക്കറിക്കൃഷി സ്ഥലങ്ങളും ..... അങ്ങനെ എല്ലാം നമുക്ക് ഇപ്പോൾ കാണാം. ഉല്പാദനത്തിനുവേണ്ടി 358 കോടി രൂപയും, പശ്ചാത്തല സൗകര്യത്തിനുവേണ്ടി 256 കോടി രൂപയുമാണ് നീക്കിവച്ചത്. ഇപ്പോൾത്തന്നെ 55 കോടി രൂപയാണ് തൊഴിലില്ലായ്മാവേതനത്തിനുവേണ്ടിയും കർഷകത്തൊഴിലാളി പെൻഷനും ദുർബല ജനവിഭാഗങ്ങൾക്കുള്ള പെൻഷനും മറ്റുമായി നീക്കിവച്ചത്. പിന്നെ എന്തിനാണ് കോൺഗ്രസ്സ് പാർട്ടി ഇതിനെയെല്ലാം എതിർത്തുകൊണ്ടിരിക്കുന്നത് എന്നാണ് എനിക്ക് മനസ്സിലാകാത്തത്. കോൺഗ്രസ്സ് എതിർക്കട്ടെ. മുസ്ലീം ലീഗും ശ്രീമതി ഗൗരിയമ്മയുടെ പാർട്ടിയുമെല്ലാം എന്തിനാണ് ഇതിനെ എതിർക്കുന്നത്? അത് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കോൺഗ്രസ്സിന് ഒരു പാരമ്പര്യമുണ്ട്. ശ്രീ. പി.പി. തങ്കച്ചൻ ഇനി പറയും. കോൺഗ്രസ്സിന്റെ പാരമ്പര്യം ഞാൻ പറയട്ടെ. ചതിയുടേയും വഞ്ചനയുടേയും പാരമ്പര്യമാണ് കോൺഗ്രസിന്റെ പാരമ്പര്യം. ഞാൻ സത്യമാണ് പറയുന്നത്. ആത്മാർത്ഥമായി സംസാരിക്കുകയാണ് കമ്മ്യൂണിസ്റ്റിന്റേയും ഇടതുപക്ഷത്തിന്റേയും പാരമ്പര്യം വാക്കുപാലിക്കുക എന്നുള്ളതാണ്; വർഗ്ഗപരമായ അന്തരം അവസാനിപ്പിക്കുക എന്നതാണ്. അതാണ് നമ്മൾ തമ്മിലുള്ള വ്യത്യാസം. നിങ്ങളുടേത് വഞ്ചനയുടെ പാരമ്പര്യം. ഞങ്ങ

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ളുടേത് വാക്കുപാലിക്കുക എന്ന പാരമ്പര്യം. ആ അന്തരമാണ് ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. - എൽ.ഡി.എഫ്. തർക്കമെന്നു പറയുന്നു എന്താണ് തർക്കം? ധനവാനുള്ളതുകൊണ്ട് ദരിദ്രനുണ്ടായി. പണക്കാരനുള്ളതുകൊണ്ട് പാവപ്പെട്ടവനുണ്ടായി. ഭൂമി കുമ്പാരമാക്കി വയ്ക്കുന്ന അവസ്ഥയുള്ളതുകൊണ്ട് ഭൂരഹിതനുണ്ടായി. ഞങ്ങൾ ഭൂരഹിതന്റെ ഭാഗത്താണ്. നിങ്ങൾ ധനവാന്റെ ഭാഗത്താണ്. യഥാർത്ഥമായ തർക്കം അതാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള തർക്കത്തിൽ നിങ്ങൾ ധനവാന്റേയും രാജ്യത്തിലെ പ്രമാണിമാരുടേയും കൂടെച്ചേർന്നു. ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കട്ടെ, ഇവിടെ കോൺഗ്രസ് എന്തെല്ലാം പ്രമേയങ്ങൾ പാസ്സാക്കി? ലോകപ്രസിദ്ധമായ പ്രമേയങ്ങൾ. കറാച്ചി പ്രമേയം-ഞാൻ അത് എടുത്തുനോക്കി. എവിടെപ്പോയി ആ പ്രമേയങ്ങൾ? ഇൻഡ്യ മുഴുവൻ പരിഷ്കരണ നിയമം നടപ്പിൽവരുത്താൻവേണ്ടി പാസ്സാക്കിയ സുപ്രസിദ്ധമായ വൻപ്രമേയങ്ങൾ എവിടെപ്പോയി? 1956-ലെ സോഷ്യലിസ്റ്റ് പ്രമേയം കണ്ട് ഞാൻ ആവേശഭരിതനായി. എവിടെപ്പോയി ആ സോഷ്യലിസ്റ്റ് പ്രമേയം? ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലില്ലായ്മ ഇല്ലായ്മ ചെയ്യൽ, ഒരു വീട്ടിൽ ഒരാഴ്ക്കു ജോലി. എന്തെല്ലാം ചതികളാണ് നിങ്ങൾ ഇവിടെ കാട്ടിയത്? ഈ രാജ്യത്തിലെ ജനങ്ങളെ എത്ര കാലമായി നിങ്ങൾ പറ്റിച്ചുകൊണ്ടിരിക്കുന്നു? 5 വർഷംകൊണ്ട് തൊഴിലില്ലായ്മ ഇല്ലായ്മ ചെയ്യുമെന്ന് നിങ്ങൾ പറഞ്ഞില്ലേ? ശ്രീ. ആര്യാടൻ മുഹമ്മദിന് ഓർമ്മയില്ലെ ഈ കഥ. എന്തെല്ലാം കാര്യങ്ങൾ. നിങ്ങൾ മാറാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. മാറ്. ഈ രാജ്യത്ത് മാറ്റം വരുത്ത്. ഇതിനെല്ലാം ഉപരിയായി കമ്മ്യൂണിസ്റ്റുകാരുടേയും ഇടതുപക്ഷങ്ങളുടേയും കാലം പരിശോധിച്ചുനോക്കിയാൽ തിളക്കമാർന്ന ജനക്ഷേമപ്രവർത്തനം നിങ്ങൾക്ക് കാണാൻ കഴിയും; യാതൊരു തർക്കവുമില്ല. കോൺഗ്രസ് 50 വർഷം ഭരിച്ചു. അത് പറയാതിരിക്കാൻ പറ്റുകയില്ല. നിങ്ങൾ മാറ്റം വരുത്തണം. നിങ്ങളെ അടിച്ചു കസർത്തിയാലേ മാറൂ. നിങ്ങൾ അങ്ങനെയൊന്നും മാറുകയില്ല. നിങ്ങൾക്ക് വല്ലാത്ത തൊലിക്കട്ടിയാണ്. അതിനേക്കാൾ കാലിച്ചാക്കുപോലെത്ത കവർ കൂട്ടിച്ചേർത്ത കടുകട്ടിയാണ് നിങ്ങളുടേത്. നിങ്ങൾ മാറണമെങ്കിൽ ..... നിങ്ങൾ 50 വർഷംകൊണ്ട് ഇവിടെ എന്തു ചെയ്തു? ഭരിക്കാൻ അവസരമില്ലാത്തതുകൊണ്ടാണോ? ഇപ്പോൾ മൂന്ന് സംസ്ഥാനത്ത് കോൺഗ്രസ്സ് ഭരിക്കുന്നില്ലേ? മദ്ധ്യപ്രദേശ്, ഡൽഹി, ഒറീസ്സ എന്നിവിടങ്ങളിൽ ഭരിക്കുന്നുണ്ട്. ഈ രാജ്യം മുഴുവൻ ഭരിച്ചില്ലേ? ഇൻഡ്യ മുഴുവൻ നിങ്ങൾ ഭരിച്ചില്ലേ? എന്നിട്ട് എന്തു ചെയ്തു? ഒന്നും ചെയ്തില്ല. ബംഗാളിൽ 23 വർഷം, ത്രിപുരയിൽ 10 വർഷം, കേരളത്തിൽ പതിനൊന്നര വർഷം, നേരത്തെ കൂട്ടുചേർന്ന് 13 മാസം. കമ്മ്യൂണിസ്റ്റുമായി കൂട്ടുചേർന്ന ആ ഗവൺമെന്റാണ് ഇവിടെ മാറ്റം വരുത്തിയത്. കർഷകത്തൊഴിലാളി പെൻഷൻ എവിടെയെങ്കിലും നിങ്ങൾ കൊടുത്തോ? കാർഷിക പരിഷ്കരണ നിയമം എവിടെയെങ്കിലും നിങ്ങൾ നടപ്പാക്കിയോ? ബംഗാളിലും ത്രിപുരയിലും ഉണ്ട്. തൊഴിലില്ലായ്മാ വേതനം എവിടെയെങ്കിലും ഉണ്ടോ? മനസ്സാക്ഷിക്കെതിരായി സംസാരിക്കരുത്. നമുക്ക് മാറ്റം വരുത്താം. ഈ രാജ്യത്ത് ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻവേണ്ടി ഉണ്ടാക്കിയത് ഈ പദ്ധതികളാണ്. സത്യം അതാണ്. നമുക്ക് ഒന്നായി ചേരണമെങ്കിൽ ചേരാം. എതിർക്കണമെങ്കിൽ എതിർക്കാം. സത്യംപറ. ഈ രാജ്യത്ത് സമൂലമായ മാറ്റം വരുത്താൻവേണ്ടി കാർഷിക പരിഷ്കാരം, കുടികിടപ്പവകാശം എല്ലാം..... കാർഷിക പരിഷ്കാരം നടപ്പാക്കി, വിമോചന സമരം നടത്തി. കാർഷിക പരിഷ്കരണ നിയമം വന്നപ്പോഴാണ് ഇവിടെ വിമോചന സമരം നടത്തിയത്. വിമോചന സമരത്തിന്റെ സന്തതിയാണ് ശ്രീ. എ.കെ. ആന്റണി. നിങ്ങൾ അഭിമാനം കൊള്ളുന്നത് എനിക്ക് അപമാനകരമായി തോന്നുന്നു. ഈ രാജ്യത്തിൽ മാറ്റത്തിനുവേണ്ടി പരിശ്രമിച്ച ശ്രീ. എ.കെ. ആന്റണി അതിൽ ചേർന്നുപോയല്ലോ. എനിക്ക് വല്ലാത്ത വിഷമം തോന്നുന്നു. പക്ഷേ ആ വിമോചന സമരത്തിൽ ഞാൻ അഭിമാനം

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളുന്നു. കോൺഗ്രസ്സിന്റെ പാരമ്പര്യമെല്ലാം ഇതാണ്. ഇനിയും മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ നിങ്ങളുടെ ചതിയെപ്പറ്റി പറയുകയാണ്. 18 ജലവൈദ്യുത പദ്ധതികളുണ്ടാക്കാൻ ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിനു കൊടുത്തു. ആരാണ് അത് ഇല്ലാതാക്കിയത്? ആ ജലവൈദ്യുത പദ്ധതികൾ ഇവിടെ നടപ്പാക്കിയെങ്കിൽ കേരളം വൈദ്യുതി വിൽക്കുന്ന ഒരു നാടായി, സമ്പന്നന്റെ നാടായി മാറുമായിരുന്നു. അറേബ്യൻ രാജ്യങ്ങളിൽനിന്ന് എണ്ണ കുഴിച്ചെടുത്ത് ലോകം മുഴുവൻ വിറ്റിട്ട് അവർ സമ്പന്നരാജ്യമായി മാറിയതുപോലെ നമ്മുടെ സംസ്ഥാനം വൈദ്യുതി ഉല്പാദിപ്പിച്ച് ചെറിയ വിലയ്ക്ക് ലോകത്തു മുഴുവൻ വിറ്റിട്ട് ഏറ്റവും വലിയ സമ്പന്ന രാഷ്ട്രമായി മാറുമായിരുന്നു. ആരാണ് ഈ സംസ്ഥാനത്തെ തകർത്തത്? ഇവിടെ ആ സ്ഥിതിക്കു മാറ്റം വരുത്തി അതിനെ ഇല്ലാതാക്കുന്ന അവസ്ഥയുണ്ടാക്കി. ഈ സംസ്ഥാനത്ത് സൈലന്റ് വാലി, പൂയംകുട്ടി തുടങ്ങി 18 പദ്ധതികൾ ആവിഷ്കരിച്ചു. എന്നിട്ട് കുയിലിന്റേയും കുരങ്ങിന്റേയും പേരുപറഞ്ഞ് എല്ലാം നിഷേധിച്ചു. രണ്ട് കുരങ്ങ് ചത്തുപോകുംപോലും. എന്തു വിഡ്ഢിത്തരമാണ് പറഞ്ഞത്. ഇന്ദിരാഗാന്ധി പറഞ്ഞു രണ്ട് മയിൽക്കൂട്ടി ചത്തുപോകുമെന്ന്; ഒരു കുരങ്ങിന്റെ പാരമ്പര്യം നശിക്കുമെന്ന് എന്താണിത്? എനിക്ക് ഇന്ദിരാഗാന്ധിയോട് സ്നേഹമുണ്ട്. ഇന്ദിരാഗാന്ധിയെ വെടിവച്ചു കൊന്നപ്പോൾ എനിക്ക് വിഷമമുണ്ടായിട്ടുണ്ട്. 18 ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിൽ രാജ്യത്തൊട്ടാകെ മാറ്റം വരുത്താൻ കഴിയുമായിരുന്നു. നമ്മുടെ നാട് അഭിമാനപൂർവം മാറിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് മാറ്റത്തിന്റെ കാറ്റുവീശിയത് കണ്ടില്ലായെന്നു നടിച്ച് അതിനെ ആക്ഷേപിക്കുന്നവർക്ക് ജനങ്ങൾ ചുട്ട മറുപടി തരും; അതിന് യാതൊരു സംശയവുമില്ല. എന്താണ് ഡി.പി.ഇ.പി.? പ്രൈമറി വിദ്യാഭ്യാസരംഗത്ത് വൻ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കൊച്ചുകുട്ടികൾ രാവിലെ സന്തോഷത്തോടെ സ്കൂളിൽ പോകാൻ തയ്യാറാകുന്നു. മിനിഞ്ഞാന്ന് എന്നോട് ഒരു കുട്ടി പറഞ്ഞു 'ഞാൻ സ്കൂളിൽ പോവുകയാണ്' എന്ന്. പണ്ട് പറഞ്ഞു 'ഞാൻ പോകുന്നില്ല' എന്ന്. ഇപ്പോൾ സന്തോഷത്തോടുകൂടി കൊച്ചുകുട്ടികൾ സ്കൂളിൽ പോവുകയാണ്. ഞാൻ സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് മീശപിരിച്ച് ചൂരൽവടിയുമായി ക്ലാസ്സ്മുറിയിൽ നിൽക്കുന്ന അദ്ധ്യാപകനെയാണ് കണ്ടിരുന്നത്. ഇന്ന് അതില്ല. ക്ലാസ്സ്മുറികളിൽ കണ്ണുനീർപോലും കാണുന്നില്ല. ഇതാണ് ഡി.പി.ഇ.പി. സന്തോഷകരമായ മാറ്റമാണ് ഇത് എന്ന് കേരളത്തിലെ രക്ഷിതാക്കൾക്കും അധ്യാപകർക്കും നന്നായി അറിയാം. ഞാൻ അനുഭവത്തിൽക്കൂടി പറയുകയാണ്. ശാസ്ത്രം പറയുന്നതല്ല. അന്നും ഇന്നും ഉണ്ടായ അവസ്ഥ ഇതാണ്. ഇതിനൊന്നും കോൺഗ്രസ്സിന്റെ സർട്ടിഫിക്കറ്റ് വേണ്ട. ഞങ്ങൾ അനുഭവങ്ങളിൽക്കൂടി മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് ഗുണകരമായ പരീക്ഷണം പാടില്ല എന്ന് വാദിക്കുന്നവർ ഒരു കാര്യം ശ്രദ്ധിച്ചാൽ നന്നായിരിക്കും. കേരളത്തിലെ പകുതിയിലധികം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ ജയിക്കുന്നത് മോഡറേഷൻ ലഭിക്കുന്നതുകൊണ്ടാണ്. ഇതിന് മാറ്റം വരുത്തണം. എൽ.ഡി.എഫ്. ഗവൺമെന്റ് ഇതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സഹകരണ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും തുടങ്ങാനുള്ള ഗവൺമെന്റ് തീരുമാനത്തെ നുണപ്രചരണം നടത്തി ഇന്നലേയും മിനിഞ്ഞാന്നും എതിർത്തില്ലേ? എതിർക്കുവാനുള്ള കോൺഗ്രസ്സിന്റെ ശ്രമങ്ങൾ വേശ്യയുടെ ചാരിത്ര്യ പ്രസംഗംപോലെയാണ്. മനസ്സിലായോ? ഇതൊക്കെ ഞങ്ങൾ മനസ്സിലാക്കുകയാണ്. വേശ്യയുടെ ചാരിത്ര്യ പ്രസംഗമാണ്. കഴിഞ്ഞ പ്രാവശ്യം പരിയാരത്ത് സഹകരണ മെഡിക്കൽകോളേജ് വന്നപ്പോൾ ഞങ്ങൾ അന്ന് അപ്പുറത്തിരുന്ന് സ്വാഗതം സ്വാഗതം എന്നു വിളിച്ചു പറഞ്ഞു. നിങ്ങൾക്ക് ഓർമ്മയുണ്ടോ? ഓർമ്മയുള്ളവർ അവിടെയുണ്ട്. നിങ്ങൾക്ക് ഓർമ്മയുണ്ടാകും. ഞങ്ങൾ ശ്രീ. കെ. കരുണാകരാ സ്വാഗതം, സ്വാഗതം എന്ന്

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചുപറഞ്ഞു. എന്നിട്ട് നിങ്ങൾ എന്തുചെയ്തു? ഗവൺമെന്റ് ഉടമയിലുള്ള 150 ഏക്കർ സ്ഥലം കെട്ടിടത്തിനുവേണ്ടി മാറ്റിയിട്ട് അത് നിങ്ങൾ സ്വന്തമാക്കി. എന്നിട്ട് നിങ്ങൾ കോടിക്കണക്കിനു രൂപ പിരിച്ചെടുത്തു. സഹകരണരംഗത്തിനുവേണ്ടി ജനങ്ങളിൽനിന്നും കോടിക്കണക്കിനു രൂപ പിരിച്ചെടുത്തു. 100 കോടി രൂപ സഹകരണരംഗത്തിനുവേണ്ടി നൽകി. എന്നിട്ട് അവസാനം ശ്രീ. കെ. കരുണാകരൻ പറയുകയാണ്, ... ശ്രീ. കെ. കരുണാകരന്റെയും ശ്രീ. എം.വി. രാഘവന്റേയും കുടുംബസ്വത്താക്കി മാറ്റിയ കഥ, ശ്രീ. പി.പി. തങ്കച്ചാ; നിങ്ങളുടെ ഡസ്കിനു മുകളിൽ സ്പീക്കറുടെ ചേംബറിൽ ഞാൻ ചാടിക്കയറി ഇതു അനുവദിക്കുകയില്ല, തറവാട് സ്വന്തമാക്കി മാറ്റാൻ അനുവദിക്കുകയില്ല എന്നു പറഞ്ഞത് ഓർമ്മയില്ലേ? ഞങ്ങൾ സ്വാഗതം സ്വാഗതം എന്ന് വിളിച്ചുപറഞ്ഞു. ഒരു ദിവസം കേൾക്കുകയാണ്, ശ്രീ. കെ. കരുണാകരൻ ചെയർമാൻ, ശ്രീ. എം.വി. രാഘവൻ വൈസ് ചെയർമാൻ എന്ന്. ഞങ്ങൾ ചോദിച്ചു നിങ്ങളുടെ തറവാട് സ്വത്താണോ ഇത് എന്ന്. അന്ന് ശ്രീ. പി.പി. തങ്കച്ചൻ സ്പീക്കറായിരുന്നു. അദ്ദേഹത്തിനോട് പറഞ്ഞു ഇത് അനുവദിക്കരുതെന്ന്. നിങ്ങൾക്ക് അറിയാം അത് അനുവദിക്കുകയില്ലെന്ന്. നിങ്ങൾ എന്നെ ഒന്നോ രണ്ടോ ദിവസം സസ്പെന്റ് ചെയ്തു. അതു സാരമില്ല. പക്ഷെ ഞാൻ പറഞ്ഞതിന്റെ അർത്ഥം നിങ്ങൾ മനസ്സിലാക്കണം. അതാണോ ഇപ്പോഴുള്ളത്? അന്ന് പരിയാരം മെഡിക്കൽ കോളേജിനെ സ്വന്തം സ്വത്താക്കി മാറ്റാൻ യാതൊരു മാനദണ്ഡവുമില്ല; യാതൊരു വ്യവസ്ഥയും ഇല്ല; ഒന്നും ഇല്ലാതെയാണ് കൊണ്ടുവന്നത്. ഇപ്പോൾ അതാണോ? ഇപ്പോൾ മാർക്കുണ്ട്. മെരിറ്റുണ്ട്. സംവരണമുണ്ട്. എല്ലാവിധ മാനദണ്ഡങ്ങളും ഇവിടെയുണ്ട്. എന്തുകൊണ്ട് അനുകൂലിച്ചുകൂടാ? സത്യത്തെ സത്യമായി കാണണം; നീതിയെ നീതിയായി കാണണം. എന്നിട്ട് നമുക്ക് ഫൈറ്റ് ചെയ്യാം. എന്തുകൊണ്ട് അനുകൂലിച്ചുകൂടാ? എന്റെ കൈയിൽ കുറെ കണക്കുകളുണ്ട്. തമിഴ്നാട്ടിൽ 107 എഞ്ചിനീയറിംഗ് കോളേജുകൾ 26000 സീറ്റ്. കർണ്ണാടകയിൽ 61 എഞ്ചിനീയറിംഗ് കോളേജുകൾ 29,000 സീറ്റ്. ആന്ധ്രാപ്രദേശിൽ 55 എൻജിനീയറിംഗ് കേളേജുകൾ 13,300 സീറ്റ്. നമ്മുടെ ഈ പുന്നാര കേരളത്തിൽ 16 എഞ്ചിനീയറിംഗ് കോളേജുകൾ-4,844 സീറ്റ്. അറിയാമോ ഇവിടത്തെ കഥ? ഇതു മാറണ്ടേ? മാറ്റണമെന്നാണ് ഞങ്ങൾ പറഞ്ഞത്. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് കർണ്ണാടകയിൽ 20 സ്ഥാപനങ്ങൾ ഉള്ളപ്പോൾ 3,316 സീറ്റാണുള്ളത്. ആന്ധ്രാപ്രദേശിൽ 10 സ്ഥാപനം - 1,325 സീറ്റ്. തമിഴ്നാട്ടിൽ 13 കോളേജുകൾ-1,530 സീറ്റ്. കേരളത്തിൽ 6 കോളേജുകൾ - 800 സീറ്റ്. ഇത് ലജ്ജാകരം. ഇവിടെ 6 മെഡിക്കൽ കോളേജ് - 800 സീറ്റ്. ഈ അന്തരം അവസാനിപ്പിക്കണം. വിദ്യാസമ്പന്നന്മാർക്ക് ഇവിടെ സ്വകാര്യമെഡിക്കൽ കോളേജാണ്. ഇവിടെ സംവരണമുണ്ട്. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർക്ക് മനസ്സിലായോ? ഈ സീറ്റുകൾക്ക് സംവരണമുണ്ട്. മെഡിക്കൽ കോളേജുകളിൽ ഈഴവരുണ്ടാകും മറ്റുള്ളവരുണ്ടാകും. പക്ഷെ പാവപ്പെട്ട നായർ സമുദായത്തിലുള്ളവർക്ക് പഠനം നിഷേധിക്കുകയാണ്. ഈഴവരും, മുസ്ലീങ്ങളും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരും ഉണ്ട്. സംവരണം ഉണ്ട്. മെരിറ്റ് അടിസ്ഥാനമുണ്ട്; എല്ലാമുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ ഹിന്ദുക്കളിലും മുസ്ലീങ്ങളിലും മുസ്ലീം ലീഗിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാരിലും സി.പി.ഐ.യിലുമുള്ള ബുദ്ധിയുള്ളവർ ഇവിടെയുണ്ട്. പഠനം കർണ്ണാടക. പഠനം ആസ്സാം. ഇതിന്റെ അർത്ഥം എന്താണ്? ഈ സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾ വേണ്ട. സ്വാശ്രയം എന്താണെന്ന് ഞങ്ങളെ പഠിപ്പിക്കണ്ട. സ്വന്തം ആശ്രയം, സ്വന്തം ബഞ്ച്, സ്വന്തം പണം, സ്വന്തമായി അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കൽ. എല്ലാം സ്വന്തം സ്വന്തം. സ്വാശ്രയം വേണ്ട. ഇവിടെ നിർമ്മിക്കാവുന്ന അനവധി സ്ഥാപനങ്ങളുണ്ട്. സെനറ്റിനു യൂണിവേഴ്സിറ്റി സ്ഥാപിക്കാം. പഞ്ചായത്തിനു സ്ഥാപിക്കാം. സഹകരണ സംഘങ്ങൾക്ക് സ്ഥാപിക്കാം. എന്റെ നിയോജകമണ്ഡലത്തിൽ മണിയൂർ പഞ്ചായത്തിലെ ഓണംകേറാമൂലയിൽ സഹകരണ എഞ്ചിനീയറിംഗ് കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുകയാണ്. 14 കോടി രൂപയുടെ കെട്ടിടം അവിടെ വരാൻ പോവുകയാണ്. മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചു. പത്തും, പതിനാറും, ആറും അങ്ങനെ 22 എണ്ണം ആകാൻ പോവുകയാണ്. ഈ പ്രാവശ്യംതന്നെ അനവധി മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകൾ വരാൻ പോവുകയാണ്. നമ്മുടെ കേരളത്തെ ഒരു പുന്നാര കേരളമാക്കി മാറ്റാം. നമുക്ക് അഭിമാനിക്കാം. ഞങ്ങൾക്ക് മാത്രമായിട്ട് വേണ്ട. നമുക്ക് എല്ലാപേർക്കും ഒന്നായിച്ചേരാം. കേരളം വർഗ്ഗീയ സംഘട്ടനങ്ങൾ ഇല്ലാത്ത ഒരു സംസ്ഥാനമായി മാറിയിരിക്കുകയാണ്. ഞാൻ കുറ്റപ്പെടുത്തുവാൻ പറയുന്നതല്ല. 24.6.1991 മുതൽ 31.6.1996 വരെ ഇവിടെ വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടായി. മരണം ഉണ്ടായി. പോലീസ് വെടിവയ്പ് ഉണ്ടായി. പോലീസ് വെടിവയ്പിൽ മരണം സംഭവിച്ചു. ലോക്കപ്പ് മരണം ഉണ്ടായി. ഇന്ന് ഒന്നുമില്ല. 24.6.1991 മുതൽ 31.6.1996 വരെയുള്ള 5 കൊല്ലക്കാലം 849 വർഗ്ഗീയ സംഘട്ടനങ്ങളിലായി 75 പേർ മരിച്ചു. 116 വെടിവയ്പിൽ 14 പേർ മരണമടഞ്ഞു. ലോക്കപ്പ് മരണം 12. ജയിൽ മരണം 72. കേരളത്തിൽ ഇതൊന്നുമില്ല. പ്രതിപക്ഷം അഭിമാനം കൊള്ളണം. അതിൽ പ്രതിപക്ഷത്തിനു പങ്കുണ്ടെങ്കിൽ പറയൂ. വെടിവയ്പ്പില്ലാത്ത, ലോക്കപ്പ് മരണം ഇല്ലാത്ത, ശാന്തിയും സമാധാനവുമുള്ള ഒരു പ്രദേശമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഞാൻ സമയം ഇല്ലാത്തതുകൊണ്ട് കൂടുതൽ പറയുന്നില്ല. 28,46,78,414 രൂപയുടെ മോഷണങ്ങൾ കേരളത്തിലുണ്ടായി. 7,506 പേരെ കാണാതായി. (പുരുഷന്മാർ - 2,859, സ്ത്രീകൾ - 2,976, കുട്ടികൾ - 1,941) ഇത്രയുംപേരെ നിങ്ങളുടെ ഭരണത്തിൻകീഴിൽ കാണാതായി. ഞാൻ അതു സംബന്ധിച്ച് കൂടുതൽ ഒന്നും പറയുന്നില്ല. ഇന്നലെ ഇവിടെ ഒന്നുരണ്ട് കാര്യങ്ങൾ ഉണ്ടായി. ഇന്നലേയും കഴിഞ്ഞ ദിവസങ്ങളിലുമായിട്ട് ഇവിടെ മോശമായ വല്ലാത്ത ഒരു അവസ്ഥ ഉണ്ടായി. മുഖ്യമന്ത്രിയെ താറടിച്ചുകാണിക്കുവാൻ വേണ്ടി ഇവിടത്തെ പ്രതിപക്ഷം ഒത്തുചേർന്നു. പ്രത്യേകിച്ച് ശ്രീ. കെ. സുധാകരൻ. അതൊരു നാണംകെട്ട ഏർപ്പാടായിരുന്നു. ഈ രാജ്യത്ത് കയ്യൂർ സമരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്തിരുന്നു. അത് യാഥാർത്ഥ്യമാണ്. കയ്യൂർ, കരിവള്ളൂർ, കാവുംബായി, മുനയംകുന്ന്, പുന്നപ്ര വയലാർ തുടങ്ങിയ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്താവുന്ന സുപ്രധാനമായ സംഭവങ്ങൾക്ക് അദ്ദേഹം സാക്ഷ്യം വഹിച്ചതാണ്. അതിന്റെയൊക്കെ ഫലമായി പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. ശ്രീ. കെ. സുധാകരൻ വേണ്ടത് മാത്രം സംസാരിക്കണം. ഞാൻ നേരത്തേ പറഞ്ഞില്ലേ ശ്രീ. എ.കെ. ആന്റണി വിമോചനസമരത്തിന്റെ സന്തതിയാണെന്ന്. ശ്രീ. ഇ.കെ. നായനാർ ആകട്ടെ, ഈ രാജ്യത്ത് കാർഷിക പരിഷ്കരണ നിയമം നടപ്പിലാക്കുവാൻ വേണ്ടി ജന്മിസമ്പ്രദായവും ഫ്യൂഡൽ സമ്പ്രദായവും അവസാനിപ്പിക്കുവാൻവേണ്ടി രാജ്യത്ത് ഒട്ടാകെ ആ കാലത്ത് പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം അഞ്ചാറ് കൊല്ലം ജയിലിൽ കിടന്നിട്ടുണ്ട്; പത്തുപതിനാറ് കൊല്ലക്കാലം അദ്ദേഹം ഒളിവിൽ കഴിഞ്ഞിട്ടുണ്ട്; ഈ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി പരിശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തെ ഇന്ന് ഈ രീതിയിൽ പറയേണ്ട ആവശ്യമുണ്ടോ? സഖാവ് നായനാരെ താറടിച്ചുകഴിഞ്ഞാൽ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിനെ തകർത്താഴ്ത്തിക്കളയാമെന്നാണോ? അത് ശരിയല്ല. അതു തെറ്റായ ഒരു അവസ്ഥയാണ്. ഞാൻ കൂടുതൽ ഒന്നും പറയുന്നില്ല. എനിക്ക് പറയുവാനുള്ളത് ശ്രീ. എ.കെ ആന്റണി ഇതിനെ സംബന്ധിച്ച് ഉപദേശം നൽകണം എന്നാണ്. സാമൂഹ്യമാറ്റത്തിനുവേണ്ടി പ്രവർത്തിച്ചവരെ പുച്ഛിക്കുക, അവഹേളിക്കുക എന്നു പറയുന്നത് ഏറ്റവും മര്യാദകെട്ട നടപടിയാണ്. സഖാവ് നായനാരെ സംബന്ധിച്ചും കയ്യൂർ സമരത്തെ സംബന്ധിച്ചും ഈ നിയമസഭയ്ക്ക് പുറത്തുപോയി പറഞ്ഞുകഴിഞ്ഞാൽ ശ്രീ. കെ. സുധാകരാ അതൊരു സംഘട്ടനമേഖലയായി തീരും. അതു പാടില്ല. അതു സംബന്ധിച്ച് കൂടുതലൊന്നും പറയുന്നില്ല. അത് പാടില്ലാത്തതാണ്. ഞാൻ ബഹുമാനപ്പെട്ട മെമ്പറെ സംബന്ധിച്ച് അഴിമതി പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. കണ്ണൂർ സ്വദേശി

LIBRARY ARCHIVES Kerala Legislative Assembly

വാഴവീട്ടിൽ ശ്രീ. രഘുരാമന്റെ ഭാര്യ ശ്രീമതി രമ ഒരു ജോലി കിട്ടാൻവേണ്ടി പരീക്ഷ എഴുതിയിരുന്നു. ആ പരീക്ഷയിൽ അഞ്ചാമത്തേയോ ആറാമത്തേയോ റാങ്കേ കിട്ടിയുള്ളൂ എന്നും ജോലി കിട്ടണമെങ്കിൽ ഒരു ലക്ഷം രൂപ കൊടുക്കണമെന്നും എം.എൽ.എ. ആയ ശ്രീ. കെ. സുധാകരൻ ശ്രീമതി രമയുടെ ഭർത്താവിനോട് ആവശ്യപ്പെടുകയും ജോലി കിട്ടുമെന്ന വ്യഗ്രതയിൽ ഒരു ലക്ഷം രൂപ ശ്രീ. രഘുരാമൻ ശ്രീ. കെ. സുധാകരനെ ഏൽപ്പിക്കുകയും ചെയ്തു. വാഗ്ദാനം ചെയ്ത ജോലി ലഭിക്കാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ തിരികെ നൽകുവാൻ ശ്രീ. രഘുരാമൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 11.11.1997-ന് സൗത്ത് ഇൻഡ്യൻ ഗ്രാമീണ ബാങ്കിന്റെ ഒരു ചെക്ക് 302058-ാം നമ്പർ ചെക്ക് ശ്രീ. കെ. സുധാകരൻ ശ്രീ. രഘുരാമനു നൽകി. ചെക്ക് പ്രസ്തുത ബാങ്കിൽ കൊടുത്തെങ്കിലും മതിയായ സംഖ്യ അക്കൗണ്ടിൽ ഇല്ലാത്തതുകാരണത്താൽ ചെക്ക് മടക്കുകയാണ് ഉണ്ടായത്. ഒരു രാഷ്ട്രീയ നേതാവും, ഒരു സിറ്റിംഗ് എം.എൽ.എ.യുമായ ശ്രീ. കെ. സുധാകരനെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യുവാൻ അദ്ദേഹത്തിനു വൈമുഖ്യമുണ്ട്. ഞാനും ഒരു എം.എൽ.എ. ആണ്. നമുക്ക് എല്ലാപേർക്കും അപമാനകരമാണ് ഇത്. പക്ഷേ നിയമനടപടി കൈക്കൊള്ളാതിരിക്കാൻ സാധിച്ചില്ല. ശ്രീ. രഘുരാമൻ നിരവധി പ്രാവശ്യം ശ്രീ. കെ. സുധാകരനെ സമീപിച്ച് പണം ആവശ്യപ്പെടുകയുണ്ടായി. പണം കൊടുക്കാമെന്ന് പറഞ്ഞ് സമയം നീട്ടിക്കൊണ്ടു പോവുകയാണ് ശ്രീ. കെ. സുധാകരൻ ചെയ്തത്. പൂർണ്ണമായ വിശ്വാസത്തിലാണ് താൻ ശ്രീ. കെ. സുധാകരന് പണം നൽകിയതെന്നും ശ്രീ. കെ. സുധാകരൻ പെരുമാറ്റത്തിൽനിന്നും ജോലി വാഗ്ദാനം ചെയ്തിരുന്നുവെന്നും അറിയുന്നു. തന്റെ ഔദ്യോഗിക പദവി ഉപയോഗിച്ച് ശ്രീ. കെ. സുധാകരന് ഒരു ലക്ഷം രൂപ തട്ടിയെടുത്തു. സർ, അതിനെ സംബന്ധിച്ച് ഒരന്വേഷണം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുപോലുള്ള നിരവധി സംഭവങ്ങളുണ്ടാകും. ശ്രീ. കെ. സുധാകരനെ സംബന്ധിച്ച് അത്ര വേഗം കാര്യങ്ങളൊന്നും ആരും പറയാൻ പോകുന്നില്ല. xxxxxx[×] കോൺഗ്രസ്സിന്റെ മന്ത്രിമാരായിട്ടുള്ളവർ, ശ്രീ. കെ. കരുണാകരൻ, ശ്രീ. എം.ആർ. രഘുചന്ദ്രബാൽ, ശ്രീ. ടി.എച്ച്. മുസ്തഫ തുടങ്ങിയവരെല്ലാവരും അനവധി കൈക്കൂലിക്കേസ്സുകളുമായി ബന്ധപ്പെട്ടവരാണ്. ശ്രീ. സുധാകരനെപ്പറ്റിയുള്ള പ്രശ്നം പത്രത്തിൽ വന്നിട്ടുമുണ്ട്. അദ്ദേഹം നിരപരാധിയാണെങ്കിൽ, നിരപരാധിയായി പുറത്തു വരുന്നതിൽ ആദ്യം സന്തോഷിക്കുന്നത് ഞാനായിരിക്കും. ശ്രീ. ആര്യാടൻ മുഹമ്മദ്, അദ്ദേഹം നിരപരാധിയായി പുറത്തുവരുന്നുവെങ്കിൽ നിങ്ങളേക്കാളും മുമ്പേ സന്തോഷിക്കുന്നത് ഞാനായിരിക്കും. പക്ഷേ എനിക്കു പറയാനുള്ളത്, എന്നെപ്പോലെയുള്ള ഒരു എം.എൽ.എ.യെ സംബന്ധിച്ച് ഇത് മോശമാണ്. ഈ പരാതി അന്വേഷണവിധേയമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, റൂൾ 284 അനുസരിച്ച് A member while speaking shall not-

(i) refer to any matter of fact on which a judicial decision is pending ഈ പറയുന്ന കേസ്സ് കോടതിയിൽ നിലവിലിരിക്കുകയാണ്. കോടതിയിൽ നിലവിലിരിക്കുന്ന ഒരു കേസ്സ് സംബന്ധിച്ചാണെങ്കിൽ shall not refer to any matter of fact on which a judicial decision is pending അങ്ങനെയുള്ള കാര്യത്തെക്കുറിച്ച് ഒന്നും സഭയിൽ പറയാൻ പാടില്ല. A member while speaking shall not ..... അതു വളരെ ക്ലിയറാണ്. അതുകൊണ്ട് ഈ പറഞ്ഞത് തെറ്റാണ്; അതു റൂൾ

---

xxxxxx [×] സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണം. അദ്ദേഹം പിൻവലിക്കുകയാണെങ്കിൽ it is all right. അതല്ലെങ്കിൽ 284 (1) അനുസരിച്ച് പറയാൻ പാടില്ലാത്തതാണ്. Judicial decision is pending അതുകൊണ്ട് അത് എക്സ്പഞ്ച് ചെയ്യണം.

മി. സ്പീക്കർ : കേസ്സിന്റെ സ്വഭാവം ചെയറിന് അറിയില്ല ..... (ബഹളം.....) നിങ്ങൾ പറയുന്നതല്ലാതെ എനിക്കറിയില്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണെങ്കിൽ പാടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ രാജ്യത്തെ മുഴുവൻ ആളുകൾക്കും അറിയാം. മുഴുവൻ പത്രങ്ങളിലും വന്നതാണ്.

മി. സ്പീക്കർ : ഏതു കേസ്സാണ്?

ശ്രീ. ആര്യാടൻ മുഹമ്മദ് : ജയരാജൻ കേസ്സ്.

മി. സ്പീക്കർ : അതു പാടില്ല. രേഖയിൽനിന്ന് നീക്കം ചെയ്യും. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സിനെ സംബന്ധിച്ച് ഇവിടെ പരാമർശിക്കാൻ പാടില്ല. പത്രത്തിൽ വരാൻ പാടില്ല.

ശ്രീ. പി.പി. തങ്കച്ചൻ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. സാധാരണ ജനങ്ങളുടെ പ്രയാസങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഈ ബില്ലിലെ വ്യവസ്ഥകൾക്ക് കഴിയുന്നില്ല എന്നുള്ളതുതന്നെയാണ് ഈ ബില്ലിനെ എതിർക്കാനുള്ള പ്രധാനപ്പെട്ട കാരണം. അതിനെക്കുറിച്ച് രണ്ടു-മൂന്നു ഉദാഹരണങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 20.7.99-ൽ സഭയിൽ ഒരു ചോദ്യത്തിന് ഉത്തരമായി തന്നതാണ്. സംസ്ഥാനത്തെ തൊഴിൽരഹിതരുടെ കണക്കെന്താണ്? 1996-ൽ ഈ ഗവൺമെന്റ് വരുമ്പോൾ 31 ലക്ഷം തൊഴിൽരഹിതരായിരുന്നു ഉണ്ടായിരുന്നതെങ്കിൽ 31.3.99-ൽ തൊഴിൽരഹിതരുടെ എണ്ണം 38 ലക്ഷമായി വർദ്ധിച്ചിരുന്നു എന്നാണ് കണക്ക്. അപ്പോൾ 31 ലക്ഷമായിരുന്നത് മൂന്നു വർഷക്കാലംകൊണ്ട് 38 ലക്ഷമായി വർദ്ധിച്ചു. ഏഴ് ലക്ഷം തൊഴിൽരഹിതർ മൂന്നു വർഷക്കാലംകൊണ്ട് ഈ ഭരണത്തിൻകീഴിൽ കൂടി. തൊഴിൽ രഹിതർക്ക് തൊഴിൽ കൊടുക്കുന്നതിനുവേണ്ടി നയാപൈസപോലും സപ്ലിമെന്ററി ബഡ്ജറ്റിലോ അപ്രോപ്രിയേഷൻ ബില്ലിലോ നീക്കിവച്ചിട്ടില്ല എന്നുള്ളതാണ് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നതിനുള്ള പല കാരണങ്ങളിൽ ഒന്ന്. മറ്റൊന്ന്, പല സന്ദർഭങ്ങളിലും റബ്ബറിന്റെ കാര്യം ചർച്ച ചെയ്തതാണ്. 50,000 ടൺ റബ്ബർ കയറ്റി അയയ്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചു, ആ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നു എന്ന് ഇന്നലെ കൃഷിവകുപ്പുമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും ആവർത്തിച്ചുപറഞ്ഞു. 50,000 ടൺ റബ്ബർ കയറ്റി അയയ്ക്കണമെങ്കിൽ ഗവൺമെന്റിന്റെ കണക്കനുസരിച്ച് വരുന്ന നഷ്ടം 50 മുതൽ 70 കോടി രൂപ വരെയായിരിക്കും. നഷ്ടം സഹിച്ചും 50,000 ടൺ റബ്ബർ കയറ്റി അയയ്ക്കുമെന്നാണ് ആവർത്തിച്ചാവർത്തിച്ച് കൃഷിവകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞത്. അതിനുവേണ്ട 50 മുതൽ 70 കോടി വരെ രൂപ ഈ ബഡ്ജറ്റിലോ സപ്ലിമെന്ററി ഡിമാൻഡിലോ അല്ലെങ്കിൽ അപ്രോപ്രിയേഷൻ ബില്ലിലോ വ്യവസ്ഥചെയ്ത് കാണുന്നില്ല. വില വർദ്ധനവ് തടയാൻ മാവേലിസ്റ്റോർ തുടങ്ങുമെന്നു ആവർത്തിച്ചു പറഞ്ഞു. അതിന് ഏറ്റവും ചുരുങ്ങിയത് 50 കോടി രൂപ ചെലവു വരുമെന്നാണ് ഗവൺമെന്റിന്റെ കണക്ക്. 50 കോടി രൂപ ഈവർഷം അതിനുവേണ്ടി ചെലവാക്കാൻ ബഡ്ജറ്റിലോ സപ്ലിമെന്ററി ഗ്രാന്റിലോ അപ്രോപ്രിയേഷൻ ബില്ലിലോ നീക്കിവച്ചിട്ടില്ല. തൊഴിലി

LIBRARY ARCHIVES Kerala Legislative Assembly

ല്ലായ്മ പരിഹരിക്കാൻ വേണ്ടിവരുന്ന തുകയോ, വിലവർദ്ധനവിനുവേണ്ടിവരുന്ന 50 കോടി രൂപയോ റബ്ബർ കയറ്റി അയയ്ക്കാൻ വേണ്ടിവരുന്ന 50 മുതൽ 70 കോടി വരെയുള്ള രൂപയോ ഒന്നും തന്നെ നീക്കിവച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇനി നിങ്ങൾക്ക് നീക്കിവയ്ക്കാൻ എന്റെ അറിവിൽ യാതൊരു മാർഗ്ഗവുമില്ല. അപ്പോൾ നിയമസഭയിൽ പരിഹരിക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്ന കാര്യങ്ങൾ യഥാർത്ഥത്തിൽ നടപ്പിലാകാൻ പോകുന്ന കാര്യങ്ങളല്ല. ആളുകളെ പറ്റിക്കാൻ വേണ്ടിയാണ്. അതിനുള്ള പണമില്ല, പണം കണ്ടുവയ്ക്കാൻ കഴിഞ്ഞിട്ടില്ല, പണം ഇനി നീക്കിവയ്ക്കാൻ വേറെ യാതൊരു മാർഗ്ഗവുമില്ല. സാധാരണക്കാരായ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ഇത്തരം കാര്യങ്ങൾക്ക് ഈ ബില്ലിൽ വ്യവസ്ഥയില്ല എന്നുള്ളതാണ് ഇതിനെ എതിർക്കാനുള്ള പ്രധാനപ്പെട്ട കാരണം.

<u>ശ്രീ ആര്യാടൻ മുഹമ്മദ്</u> : സർ, റബ്ബറിന്റെ കയറ്റുമതിക്ക് 50 കോടി രൂപ വേണമെന്നാണ് അങ്ങും മറ്റുള്ളവരും ആവശ്യപ്പെട്ടത്. അതു സപ്ലിമെന്ററി ഗ്രാന്റിൽ ഇല്ല, അതിന് ബഡ്ജറ്റ് മാനുവലിലെ പാരാ 95 അനുസരിച്ച് അഡീഷണൽ അതറൈസേഷൻ എത്ര സംഖ്യക്കു വേണമെങ്കിലും കൊടുക്കാൻ ധനകാര്യവകുപ്പുമന്ത്രിക്ക് അധികാരമുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. ബഡ്ജറ്റ് മാനുവലിലെ 95-ാം പാരഗ്രാഫ് അനുസരിച്ച് ധനകാര്യവകുപ്പു മന്ത്രിക്കു ഗ്രാന്റിനകത്തു നിന്നുകൊണ്ടല്ലാതെ റീ-അപ്രോപ്രിയേഷൻ നടത്താൻ അധികാരമില്ല, അത്തരം സംഖ്യയ്ക്കുമാത്രമേ അഡീഷണൽ അതറൈസേഷൻ നൽകാൻ പാടുള്ളൂ, ബാക്കിയുള്ള സംഖ്യ, കൂടുതൽ വേണമെങ്കിൽ അതിനു സപ്ലിമെന്ററി ഗ്രാന്റ് വേണം. സപ്ലിമെന്ററി ഗ്രാന്റിലല്ലാതെ അതു നൽകാൻ കഴിയില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ പി.പി. തങ്കച്ചൻ</u> : ഉണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല 100 ശതമാനവും അതു ശരിയാണ്. ഈവക കാരണങ്ങളാൽ ഒരു കാരണവശാലും ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കാൻ നിർവ്വാഹമില്ല. മറ്റു ചില കാര്യങ്ങളിലേയ്ക്കു കടക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുപ്പുവരാൻ പോകുകയാണ്. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശിവദാസമേനോൻ മാർക്സിസ്റ്റു പാർട്ടിയുടെ ഉന്നതനായ നേതാവാണ്. അദ്ദേഹം മുഖ്യമന്ത്രിയുടെ ചാർജ്ജ് പലപ്പോഴും വഹിക്കുന്ന ഒരാളാണ്. അതുകൊണ്ട് അദ്ദേഹം പറയുന്ന കാര്യം പാർട്ടിയുടെ ഒരഭിപ്രായമായിട്ടാണ് ഞങ്ങളൊക്കെ വിശ്വസിക്കുന്നതും കണക്കാക്കുന്നതും. മിനിഞ്ഞാന്ന് നിയമസഭയിൽ നടന്ന ചർച്ചയിൽ-അതിനെക്കുറിച്ച് പത്രങ്ങളിലൊക്കെ റിപ്പോർട്ട് വന്നിട്ടുണ്ട്.-അദ്ദേഹം പറഞ്ഞ കാര്യം ഞാൻ വായിക്കുകയാണ്. "നായനാർ സർക്കാരിന്റെ മൂന്നു വർഷത്തെ നേട്ടം ഉന്നയിച്ചുകൊണ്ടുതന്നെയാണ് ഞങ്ങൾ ലോക്സഭാ തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്." ഞാൻ അതിന്റെ മറ്റു കാര്യങ്ങളിലേയ്ക്കു കടക്കുന്നില്ല. വരാൻ പോകുന്ന പാർലമെന്റു തെരഞ്ഞെടുപ്പിൽ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ദേശീയ പ്രശ്നങ്ങളേക്കാളും കൂടുതൽ പ്രാധാന്യം ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ മുന്നിൽ നിരത്തിവച്ചുകൊണ്ട്, നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ഭരണകക്ഷി തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നതെന്ന് നിയമസഭയിലും പറഞ്ഞിട്ടുണ്ട്; പത്രങ്ങളിലും വന്നിട്ടുണ്ട്. ഞാൻ അങ്ങയോട് വിനീതമായി ഒരു ചോദ്യം ചോദിക്കുകയാണ്, ഗവൺമെന്റിന്റെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ വരാൻപോകുന്ന തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നുവെങ്കിൽ, ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ, കേരളത്തിലെ വോട്ട് എണ്ണിക്കഴിയുമ്പോൾ, ഐക്യ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യമുന്നണിക്ക് കൂടുതൽ വോട്ടുകൾ മൊത്തത്തിൽ കിട്ടുകയും പാർലമെന്റിൽ കൂടുതൽ സീറ്റുകൾ കിട്ടുകയും ചെയ്താൽ, നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ നേരിടുന്നു എന്നു പറഞ്ഞ സ്ഥിതിക്ക് ജനവിധി മാനിച്ചു കൊണ്ട് നിങ്ങൾ രാജിവയ്ക്കാൻ തയ്യാറാണോ? ദേശീയ പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിനെ നേരിടുമെന്ന് പറഞ്ഞുവെങ്കിൽ ഞാനിത് ചോദിക്കില്ലായിരുന്നു. അദ്ദേഹം വളരെ വ്യക്തമായ ഭാഷയിൽ മിനിഞ്ഞാന് ഈ നിയമസഭയിൽ പറഞ്ഞു, പത്രങ്ങളിലും റിപ്പോർട്ട് വന്നിട്ടുണ്ട്. മുന്നു വർഷക്കാലത്തെ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത് എന്നാണ് പറഞ്ഞത്. ഈ ഗവൺമെന്റിന്റെ മുന്നുവർഷത്തെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഈ തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നു എന്നുള്ള വെല്ലുവിളി ഞങ്ങൾ സ്വീകരിക്കുകയാണ്. വോട്ടിന്റെ കാര്യത്തിൽ ഞങ്ങൾക്ക് കൂടുതൽ കിട്ടിയാൽ, നിങ്ങൾക്ക് കുറഞ്ഞാൽ, പാർലമെന്റ് സീറ്റുകളുടെ കാര്യത്തിൽ കുറഞ്ഞാൽ ആ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് രാജിവയ്ക്കാൻ നിങ്ങൾ തയ്യാറുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഞങ്ങൾക്ക് അത് അറിയാൻ താല്പര്യമുണ്ട്. ഞാൻ ഒന്നുരണ്ട് കാര്യങ്ങൾകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ അടുത്തകാലത്ത് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാരും അതുപോലെ ശ്രീ. ഇ.കെ. നായനാരുമൊക്കെ ആവർത്തിച്ചാവർത്തിച്ച് പറയുന്ന ഒരു കാര്യമുണ്ട്. ഞങ്ങൾ വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ യാതൊരു ആദർശവും നോക്കുന്നില്ല, ഞങ്ങൾ ആദർശത്തിന്റെ പേരിൽ തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നില്ല, പരമാവധി സീറ്റുകൾ കിട്ടുക എന്നുള്ളതുമാത്രമാണ് ഞങ്ങളുടെ ലക്ഷ്യം. അപ്പോൾ അതിനു വേണ്ടി ആരുടെ കൂടെയും കൂട്ടുകൂടാൻ ഞങ്ങൾ തയ്യാറാണെന്നാണ് ഒളിഞ്ഞും തെളിഞ്ഞും ദേശീയ നേതാക്കൻമാരും അതുപോലെ സംസ്ഥാന നേതാക്കൻമാരും ശ്രീ. ഇ.കെ. നായനാരുമൊക്കെ പല അവസരങ്ങളിലായി പറയുന്നത്. നിങ്ങൾക്ക് അതിനുള്ള തയ്യാറെടുപ്പുണ്ടെന്ന് ഞങ്ങൾക്കറിയാം. നിങ്ങൾ വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടിട്ട് രാഷ്ട്രീയത്തിനതീതമായി എങ്ങനെയെങ്കിലും കുറേ വോട്ടുകൾ കിട്ടാൻവേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ച് അതിനുള്ള തയ്യാറെടുപ്പ് നടത്തുന്നുണ്ടെന്ന് ഞങ്ങൾക്കൊക്കെ അറിയാം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ശ്രീ. എ.കെ. ആന്റണി മദ്രാസിൽ പോയതെന്തിനാണ്?

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ശ്രീ. സുർജിത്തും ശ്രീ. ബർദാനും മദ്രാസിൽ പോയത് എന്തിനാണെന്ന് അന്വേഷിക്കാൻ പോയതാണ്.

ശ്രീ. പി.പി. തങ്കച്ചൻ : സർ, കഴിഞ്ഞ ദിവസം ശ്രീ. എ.കെ. ആന്റണി മദ്രാസിൽ പോയിട്ട് വരാൻ താമസിച്ചപ്പോൾ ശ്രീ. എ.കെ. ആന്റണി വരാൻ താമസിച്ചതെന്താണെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചോദിച്ചു. ഞങ്ങൾ ശ്രീ. എ.കെ. ആന്റണിയോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു 'ഞാൻ ഇന്നലെ മുതൽ കുമാരി ജയലളിതയെ കാണാനിരുന്നതാണ് പക്ഷേ ശ്രീ.സുർജിത് അവിടെനിന്ന് ഇറങ്ങിയിട്ടുവേണ്ടേ കാണാൻ' എന്ന്. ശ്രീ. ബർദാനും ശ്രീ.സുർജിത്തും ജയലളിതയുടെ പോയ്സ് ഗാർഡനിൽനിന്നും ഇറങ്ങിയിട്ടുവേണ്ടേ ശ്രീ. എ.കെ. ആന്റണിക്കു കാണാൻ? അവർ ഒന്നിറങ്ങിക്കിട്ടാൻ ഒരു ദിവസം കാത്തുനിൽക്കേണ്ടി വന്നു എന്നാണ് ശ്രീ. എ.കെ. ആന്റണി ഞങ്ങളോട് പറഞ്ഞത്. അതുകൊണ്ട് ജയലളിതയുടെ കാര്യം നിങ്ങൾ പറയണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മറ്റ് ഒന്നുരണ്ട് കാര്യങ്ങളിലേയ്ക്ക് ഈ സന്ദർഭത്തിൽ കടക്കാൻ ആഗ്ര ഹിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഞാൻ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഇവിടെ നടക്കുന്ന എല്ലാ ചർച്ചകളിലും വിലവർദ്ധനവിനെക്കുറിച്ച് പറയാറുണ്ട്. എന്റെ കൈയിലുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ(മാർക്സിസ്റ്റ്)ന്റെ കുടുംബ യോഗങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ട കാര്യങ്ങളുടെ, നിങ്ങളുടെ രഹസ്യ സർക്കുലറിന്റെ കോപ്പിയാണ്. അതിലെ ഒരു വാചകം ഞാൻ വായിക്കാം.....ബ ഹളം... പരസ്യമാണെങ്കിൽ ആയിക്കോട്ടെ, ഇതിൽ എഴുതിയിരിക്കുന്നത് രഹ സ്യമെന്നാണ്. "എന്തൊക്കെ പറഞ്ഞാലും വിലക്കയറ്റം താങ്ങാനാവാത്തതാ യിരിക്കുന്നു. റേഷൻ സാധനങ്ങൾ, മറ്റ് നിത്യോപയോഗ വസ്തുക്കൾ എന്നിവ യൊന്നും വാങ്ങാൻ കഴിയാത്ത അവസ്ഥയാണ്. ഇത് ഈ സർക്കാരിന്റെ പിടി പ്പുകേടല്ലേ എന്ന് നമ്മുടെ അണികൾ ചോദിച്ചാൽ താഴെപ്പറയുന്ന വിശദീക രണം കൊടുക്കണം."

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അങ്ങയെപ്പോലുള്ളവർ നടത്തുന്ന പ്രചരണം കേട്ട് തെറ്റിദ്ധാര ണയുള്ള ഏതെങ്കിലും മാർക്സിസ്റ്റ് സഖാവിന് വിശദീകരിക്കേണ്ടതെങ്ങനെ യാണെന്നാണ് ഇതിൽ പറഞ്ഞുകൊടുത്തിരിക്കുന്നത്.

ശ്രീ. പി.പി. തങ്കച്ചൻ : സർ, കുടുംബയോഗങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ട കാര്യങ്ങളുടെ ഒരു അനുബന്ധംകൂടി ഞാൻ വായിക്കാം. ഈ അനു ബന്ധം വളരെ രസകരമാണ്. അതായത് ബൂത്ത് സെക്രട്ടറിമാർ എന്തുചെയ്യ ണം, സ്കാഡുകൾ എങ്ങനെ രൂപവൽക്കരിക്കണം, എങ്ങനെ വീടുകളിൽ യോഗം നടത്തണം, ആര് പ്രസംഗിക്കണം, എപ്പോൾ തുടങ്ങണം, ആരെ യൊക്കെ വിളിക്കണം എന്നീ കാര്യങ്ങൾക്കുശേഷം അതിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വളരെ ഗൗരവ മുള്ള ഒരു കാര്യമാണത്. കുടുംബയോഗങ്ങൾ എങ്ങനെ നടത്തണമെന്നുള്ള നിർദ്ദേശങ്ങളാണ്. അതിലൊന്ന്, "മണ്ഡലം, ലോക്കൽ, പഞ്ചായത്ത് പാർട്ടി തെരഞ്ഞെടുപ്പ് കമ്മിറ്റി അംഗങ്ങൾ, വർഗ്ഗ ബഹുജന..... അത്രയും പറഞ്ഞ തിൽ എനിക്ക് പരാതിയില്ല, സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻമാർ, അദ്ധ്യാ പക സംഘടനാ പ്രവർത്തകർ എന്നിവരിൽനിന്നും പറ്റുന്ന സംഖ്യ കടമെ ടുത്ത് പാർട്ടി നടത്തുന്ന കുടുംബയോഗങ്ങളിൽ വിശദീകരണം നൽകാൻ നിയോഗിക്കേണ്ടതാണ്." ഈ രാജ്യത്തെ സർക്കാർ ഉദ്യോഗസ്ഥൻമാരെ പാർട്ടിയുടെ പ്രവർത്തന പരിപാടികളിൽ, പാർട്ടിയുടെ യോഗത്തിൽ പങ്കെടു പ്പിച്ചുകൊണ്ട് അവിടെ വിശദീകരണം നൽകാൻ നിയോഗിക്കേണ്ടതാണെ ന്നാണ് ഈ സർക്കുലറിൽ പറഞ്ഞിട്ടുള്ളത്. ഇതെന്തൊരു നീതിയാണ്? ഈ രാജ്യത്തെ സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് രാഷ്ട്രീയമാകാം. പക്ഷേ ഇവിടെ മാർക്സിസ്റ്റുപാർട്ടി വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ സർക്കാർ ഉദ്യോഗ സ്ഥൻമാരെ പങ്കെടുപ്പിച്ച്, അവരെ പ്രസംഗിപ്പിക്കണമെന്ന് ഒരു സർക്കുലർ എഴുതി അയച്ചിരിക്കുകയാണ്. ഈരാജ്യത്ത് എന്തു നീതിയാണുള്ളത്? ഇതിൽക്കൂടുതൽ അധികാര ദുർവിനിയോഗമെന്നുപറയുന്നത് എന്താണ്? സർക്കാർ ഉദ്യോഗസ്ഥൻമാരെ മാർക്സിസ്റ്റ് പാർട്ടിയുടെ യോഗങ്ങളിൽ പങ്കെ ടുപ്പിച്ച് പ്രസംഗിപ്പിക്കുകയാണ്. ഇതെന്ത് മര്യാദയാണ്? അതിനകത്ത് മറ്റൊരു വാചകം കൂടിയുണ്ട്. അതിലും പ്രധാനപ്പെട്ട മറ്റൊരുകാര്യം, അതാണ് ഏറ്റവും വലിയ അപകടം. 1999 മാർച്ചുമാസം 31-ാം തീയതിയും ഏപ്രിൽ മാസം ഒന്നും രണ്ടും തീയതികളിലും ചേരുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ചുള്ള കുറിപ്പ്, അതിലെ ഒരു കാര്യമാണ്. ഈ രാജ്യം എങ്ങോട്ട് പോകുന്നു എന്നുള്ളത് ഈ രാജ്യത്തെ ജനങ്ങൾ മനസ്സിലാക്കണ്ടേ? 'പഞ്ചായത്തിലേയ്ക്കും ലോക്കൽ ബോഡീസിലേയ്ക്കും തെരഞ്ഞെടുപ്പ് വരാൻ പോകുന്നു, വാർഡിന്റെ ഡീലിമി

LIBRARY ARCHIVES Kerala Legislative Assembly

ഗ്രേഷൻ നടക്കാൻ പോകുന്നു. അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. ഞാൻ അതിലെ ഒരു പാരഗ്രാഫ് വായിക്കാം. ''നമ്മുടെ സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത്, നഗരസഭാ കോർപ്പറേഷനുള്ള വാർഡുകൾ, ഡിവിഷനുകൾ വിഭജിക്കുന്നതു സംബന്ധിച്ച് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള നിർദ്ദേശങ്ങൾ പാർട്ടിയുടെ ബന്ധപ്പെട്ട ഘടകങ്ങൾ ഉടനേ തയ്യാറാക്കണം. തെരഞ്ഞെടുപ്പ് കമ്മിഷൻ അതുസംബന്ധമായ നിർദ്ദേശങ്ങളും ആക്ഷേപങ്ങളും മറ്റും ക്ഷണിക്കുമ്പോൾ അത് സമർപ്പിക്കാൻ നാം തയ്യാറാകണം.'' അത്രത്തോളം മനസ്സിലാക്കാവുന്നതാണ്. അടുത്ത വാചകമാണ് കേൾക്കേണ്ടത്, ഇതെല്ലാവരും ശ്രദ്ധിക്കണം. ''ഇതിന്റെ ഒരു പകർപ്പ് ഉടനെതന്നെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ഓഫീസിലും എ.കെ.ജി. സെന്ററിലും എത്തിച്ചിരിക്കേണ്ടതാണ്.'' ...ബഹളം ..... ഇതിന്റെ ഗൗരവം, വാർഡ് ഡീലിമിറ്റേഷൻ നടത്തേണ്ടത് തെരഞ്ഞെടുപ്പ് കമ്മിഷനാണ്. നമ്മൾ പാസ്സാക്കിയിട്ടുള്ള നിയമം അനുസരിച്ച് സ്വതന്ത്രമായി പ്രവർത്തിക്കേണ്ട തെരഞ്ഞെടുപ്പ് കമ്മിഷനാണ് വാർഡ് ഡീലിമിറ്റേഷൻ നടത്തേണ്ടത്. തെരഞ്ഞെടുപ്പ് കമ്മീഷനിലാണെങ്കിൽ സ്റ്റാഫ് ഇല്ല. ആയിരക്കണക്കിന് വാർഡുകൾ delimit ചെയ്യാനുണ്ട്. സ്വാഭാവികമായും തെരഞ്ഞെടുപ്പ് കമ്മിഷന് ഈ പണി ചെയ്യാൻ കഴിയുമോ? അവിടെ അതിനുള്ള സ്റ്റാഫ് ഇല്ല. ജില്ലാ കളക്ടർമാരേയും റവന്യൂ അധികാരികളേയും തെരഞ്ഞെടുപ്പ് കമ്മിഷൻ അതിനു വേണ്ടി നിയോഗിക്കാൻ പോകുകയാണ്. ഇതെല്ലാം പ്ലാൻ ചെയ്തിട്ടുള്ള കാര്യങ്ങളാണ്. അങ്ങനെയുള്ള ആളുകളെ ഗവൺമെന്റിന് സ്വാധീനിക്കാൻ കഴിയും. അങ്ങനെ സ്വാധീനിക്കാൻവേണ്ടിയാണ് മാർക്സിസ്റ്റ് പാർട്ടി തയ്യാറാക്കുന്ന വാർഡ് വിഭജനത്തിന്റെ ലിസ്റ്റ് എ.കെ.ജി. സെന്ററിലും മന്ത്രിയുടെ ഓഫീസിലും ഉടനേ എത്തിക്കണമെന്ന് ഈ രേഖയിൽ പറഞ്ഞിട്ടുള്ളത്. ഈ സംസ്ഥാനത്ത് എന്ത് നീതിയാണുള്ളത്? തെരഞ്ഞെടുപ്പ് കമ്മിഷനെപ്പോലും സ്വാധീനിക്കാൻ തെരഞ്ഞെടുപ്പ് കമ്മിഷന്റെ വാർഡ്വിഭജനം കളക്ടർമാരേയും ജില്ലാ അധികൃതരേയും ഏൽപ്പിച്ച് അതിൽ ഗവൺമെന്റ് സ്വാധീനിച്ച് മാർക്സിസ്റ്റ് പാർട്ടിക്ക് തോന്നുന്നതുപോലെ വാർഡ് വിഭജനം നടത്തി പഞ്ചായത്തുകൾ കയ്യടക്കാനുള്ള ഒരു രാഷ്ട്രീയ ഗൂഢനീക്കത്തിന്റെ ഭാഗമല്ല ഈ സർക്കുലർ? ഇത് അനുവദിക്കാൻ കഴിയുന്ന കാര്യമാണോ? ഞാൻ ചോദിക്കട്ടെ അങ്ങനെയാണെങ്കിൽ ഈ വാർഡ് delimitation -ന്റെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ട് എ.കെ.ജി. സെന്ററിലും മന്ത്രിയുടെ ഓഫീസിലും ഉടനെ എത്തിക്കേണ്ട ആവശ്യമെന്താണ്? വളരെ ക്ലിയറാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന വാർഡ് delimitation ഉൾപ്പെടെ, തെരഞ്ഞെടുപ്പുൾപ്പെടെ രാഷ്ട്രീയമായി ഈ ഗവൺമെന്റ് ഇടപെട്ടുകൊണ്ട് ഇടതുപക്ഷ മുന്നണിക്ക് അനുകൂലമാക്കാനുള്ള കരുതിക്കൂട്ടിയുള്ള നിങ്ങളുടെ കണക്കുക്കൂട്ടലിന്റെ ഭാഗമാണ് ഈ സർക്കുലർ എന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് നമ്മുടെ രാജ്യത്ത് അനുവദിക്കാൻ കഴിയുകയില്ല. ഇലക്ഷൻ കമ്മിഷൻ സ്വതന്ത്ര ഏജൻസിയാണ്. ആ സ്വതന്ത്രഏജൻസിയെപ്പോലും സ്വാധീനിച്ച് നിങ്ങൾക്കനുകൂലമായി വാർഡ് വിഭജിക്കാനോ, എ.കെ.ജി. സെന്ററിൽനിന്ന് ലിസ്റ്റ് കൊടുത്ത് ചെയ്യിക്കാനോ .....ഇത്തരത്തിലുള്ള രാഷ്ട്രീയ ഇടപെടലുകൾക്കുവേണ്ടിയാണ് ഇതിൽ കുറെ പണം ചെലവാക്കാൻ നീക്കിവച്ചിരിക്കുന്നത്. അത് നമുക്ക് അനുവദിക്കാൻ കഴിയുകയില്ല. അതിനുവേണ്ട പണം ചെലവാക്കുന്നതിന് നമുക്ക് കൂട്ടു നിൽക്കാൻ കഴിയുകയില്ല. അവിടെയാണ് ഈ ബില്ലിനെ എതിർക്കാനുള്ള പ്രധാനപ്പെട്ട കാരണം. രണ്ട് കാര്യം കൂടി പറയുവാനുണ്ട്. ഇപ്പോൾ സമയമില്ലാത്തതുകൊണ്ട് അത് പറയുന്നില്ല. ഈ ധനവിനിയോഗബില്ലിനെ ശക്തിയായി എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ണവും അന്വേഷിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന് ബഹുമാന പ്പെട്ട സ്പീക്കറോട് ആവശ്യപ്പെടുന്നു.

നിയമനിർമ്മാണകാര്യം (തുടർച്ച)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, മറുപടി വളരെ ചുരുക്കിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഒന്ന്, രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ പറഞ്ഞു. തൊഴിലില്ലായ്മക്ക് സപ്ലി മെന്ററി ഡിമാന്റിൽ പണം നീക്കിവച്ചിട്ടില്ല എന്ന് പറഞ്ഞു. അങ്ങ് നിരവധി ബഡ്ജറ്റുകൾ, എന്നേക്കാളും കൂടുതൽ കണ്ടയാളല്ലേ? തൊഴിലില്ലായ്മ പരിഹ രിക്കാൻ ഇത്ര കോടി രൂപ എന്നൊരു ഹെഡ്ഡ് ബഡ്ജറ്റിൽ ഞാൻ ഇതുവരെ കണ്ടിട്ടില്ല. തൊഴിലില്ലായ്മ പരിഹരിക്കാൻ ഇത്രരൂപ, വ്യാവസായികാഭി വൃദ്ധിക്കുവേണ്ടി ഇത്ര രൂപ, എന്നുണ്ടോ? ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റി നുവേണ്ടി പണം നീക്കിവയ്ക്കുമ്പോൾ, ഇൻഫർമേഷൻ ടെക്നോളജിക്കു വേണ്ടി പണം നീക്കിവയ്ക്കുമ്പോൾ തൊഴിൽ കൊടുക്കുവാനുള്ള പദ്ധതികൾ അവയുടെ ഭാഗമായി വരും. അതല്ലാതെ തൊഴിൽ കൊടുക്കാൻ ഇത്ര രൂപ, ശമ്പളം കൊടുക്കാൻ ഇത്ര രൂപ അങ്ങനെ വയ്ക്കാറില്ല. അത് നീക്കി വച്ചില്ല എന്നുള്ള അദ്ദേഹത്തിന്റെ സങ്കടം എനിക്ക് മനസ്സിലാകും. പക്ഷേ അതിനുള്ള പണം തന്നെയാണ് supplementary demands നു Grants -ൽ ഉള്ള കാർഷിക-വ്യാവസായിക മേഖലയ്ക്കുള്ള പണവും. സപ്ളിമെന്ററി ഡിമാന്റിൽ റബ്ബറിന്റെ കാര്യം ഇല്ല എന്നുപറഞ്ഞു. റബ്ബർ വാങ്ങാനാണ് 50 കോടി രൂപ. എപ്പോഴാണ് പണം ആവശ്യമെന്ന് പറഞ്ഞാൽ അഡീഷണൽ ആതറൈസേഷനിലൂടെ കൊടുക്കാം എന്നുപറഞ്ഞു. ആ അഡീഷണൽ ആതറൈസേഷൻ റീ-അപ്രോ പ്രിയേഷനിലേ പറ്റൂവെന്നൊക്കെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞു. കേരള ബഡ്ജറ്റ് മാനുവലിൽ വളരെ ക്ലിയറായി പറയുന്നുണ്ട്. എന്താണ് അപ്രോപ്രിയേഷനിൽ കണ്ടതെന്നുവച്ചാൽ നമ്മൾ ഇപ്പോൾ അഡീഷണൽ ആതറൈസേഷനിൽ 50 കോടി രൂപ കൊടുത്താൽ അടുത്തുവരുന്ന സമ്മേള നത്തിൽ സപ്ലിമെന്ററി ഡിമാന്റ് വരും. എല്ലാ സമ്മേളനത്തിലും വരും. ആ സപ്ലി മെന്ററി ഡിമാന്റ് വരെയുള്ള പീരീഡിൽ ടോട്ടൽ ഡിമാന്റുണ്ട്. ആ ടോട്ടൽ ഡിമാന്റിനെ എക്സീഡ് ചെയ്യാൻ പാടില്ല. അഡീഷണൽ ആതറൈസേഷൻ പാടില്ല, ആ ഡിമാന്റിൽ ബാക്കി പൈസ വേണം. ആ ഡിമാന്റിൽ മുന്നൂറ് കോടി രൂപയോ നാനൂറ് കോടിരൂപയോ ആണ് വച്ചിട്ടുള്ളതെങ്കിൽ 450 കോടിരൂപയാ കാൻ പാടില്ല. 350 കോടിരൂപയേ ചെലവാക്കാൻ പാടുള്ളൂ. 50 കോടി രൂപ റബ്ബ റിന് കൊടുത്താൽ അത് അടുത്ത മാർച്ച് 31 വരെയുള്ളതാണ്. അപ്രോപ്രിയേ ഷൻ പാസ്സാക്കുന്നത് Total demand for that particular Major Head-ന് ആണ്. ആ ടോട്ടൽ ഡിമാന്റനുസരിച്ച് അതിനെ എക്സീഡ് ചെയ്യാൻ പാടില്ല; അല്ലെ ങ്കിൽ റീ-അപ്രോപ്രിയേറ്റ് ചെയ്യാം. രണ്ടിലൊന്നേ ചെയ്യാൻ പാടുള്ളുയെന്നുള്ള തല്ലാതെ അധികം കൊടുക്കാൻ പാടില്ല. ടോട്ടൽ ഡിമാന്റിനകത്ത് വരണം. എല്ലാ പൈസയും ജനുവരിയാകുമ്പോഴേക്കും ചെലവായിക്കഴിയുകയില്ല. മാർച്ച് 31 വരെ സമയമുണ്ട്. അപ്പോൾ എല്ലാ പണവും ചെലവാക്കിയിട്ട് അതി ന്റെമേലേ കൊടുക്കാൻ പാടില്ല എന്നേയുള്ളൂ. കൊടുത്തതിന് അടുത്ത സപ്ളി മെന്ററി ഡിമാന്റിൽ അസംബ്ലിയുടെ സാംഗ്ഷൻ വാങ്ങുകയും വേണം. അതു കൊണ്ട് കൊടുക്കാൻ സാധിക്കും. കൊടുക്കാൻ സാധിക്കുകയില്ലയെന്ന് ഞാൻ പറഞ്ഞിട്ടില്ല. പിന്നെയുള്ളത് മാവേലിസ്റ്റോറിന് പൈസ നീക്കിവച്ചിട്ടില്ല എന്നു ള്ളതാണ്. പത്ത് കോടി രൂപ മാവേലിസ്റ്റോറുകൾക്കുള്ള പ്രാരംഭപ്രവർത്ത

LIBRARY ARCHIVES Kerala Legislative Assembly

നങ്ങൾക്കുവേണ്ടി നീക്കി വച്ചിട്ടുണ്ട്. അത് വളരെ വ്യക്തമാണ്. ടോട്ടലായിട്ട് 50 കോടി ഉറുപ്പിക സിവിൽസപ്ലൈസ് കോർപ്പറേഷന് കൊടുത്തിട്ടുണ്ട്. അതിൽത്തന്നെ കൗണ്ടർ സബ്സിഡി ബിസിനസ്സുകൊണ്ട് ഉണ്ടാക്കുന്നുണ്ട്. ഈ പത്ത് കോടി രൂപയ്ക്കുപുറമേ പണം വേണമെങ്കിൽ ഇനിയും എസ്.ഡി. ജി-യിൽ കൊണ്ടുവരാമെന്നേയുള്ളൂ. ഇനിയും രണ്ട് എസ്.ഡി.ജി. എങ്ങനെയും ഉണ്ടാകും. ഇപ്പോൾ പത്ത് കോടി ഉറുപ്പികയാണ് അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെട്ടത്. അത് കൊടുത്തു. പിന്നെ വേറൊന്ന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങൾ നിരത്തിവച്ചുകൊണ്ട് ഞങ്ങൾ മൽസരിക്കുന്നു, അത് വാസ്തവത്തിൽ നാഷണൽ കമ്മ്യൂൺ പറഞ്ഞുകഴിഞ്ഞിട്ടാണ് ഞാൻ പറഞ്ഞത്. ഓരോ പത്രങ്ങളും ഓരോ ഭാഗം പ്രാധാന്യമായിട്ട് കൊടുക്കും. പക്ഷേ എപ്പോഴുമെപ്പോഴും നിങ്ങൾക്ക് ദേശീയതലത്തിൽ എന്താണെന്ന് അവിടന്ന് ഒരു പ്രസംഗമുണ്ട്. നിങ്ങൾക്ക് ദേശീയം മാത്രമല്ല, ഈ ഗവൺമെന്റിന്റെ ചെയ്തികൾ മാറ്റുരയ്ക്കപ്പെടാൻ പോകുകയാണ്. ഇന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാണാമെന്ന് പറഞ്ഞു, കുരുക്ഷേത്രത്തിൽ കാണാമെന്ന് ശ്രീ. കെ.എം. മാണി പറഞ്ഞു. നിങ്ങളുടെ ചെയ്തികൾ.....

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ഞാൻ പറഞ്ഞത് കുരുക്ഷേത്രത്തെക്കുറിച്ചല്ല. ജൂൺ മാസം 22-ാം തീയതി ഇലക്ഷൻ പ്രഖ്യാപിച്ചതിനുശേഷം ശ്രീ. കെ. കരുണാകരനെതിരെ പുകമറ സൃഷ്ടിക്കാൻ കൊണ്ടുവന്നിരിക്കുന്ന നിങ്ങളുടെ ഇന്നത്തെ ഈ റിപ്പോർട്ടിൽ തിരിച്ചടിയുണ്ടാകും എന്നാണ്. കഴിഞ്ഞ വർഷത്തേക്കാൾ ഭൂരിപക്ഷത്തോടുകൂടി ശ്രീ. കെ. കരുണാകരൻ ലോക്സഭയിലേയ്ക്ക് ജയിക്കുമെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ മറ്റ് കാര്യങ്ങൾ ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ടി. ശിവദാസമേനോൻ : അത് മറ്റേ ചലഞ്ചല്ല. അപ്പോഴാണ് ശ്രീ. പി.പി. തങ്കച്ചൻ സാധാരണ ഉന്നയിക്കാറുള്ള ഒരു പോയിന്റ് ഉന്നയിച്ചത്. ഇലക്ഷൻ കഴിയുന്നതിനുമുൻപുതന്നെ ഞാൻ വേറൊരു ചോദ്യം ചോദിക്കട്ടെ. Let me ask a counter question - നിങ്ങൾ 1991 മുതൽ 1996-വരെ ഭരിച്ചു. ആ അഞ്ചുകൊല്ലക്കാലത്ത് ഒറ്റപ്പാലം പാർലമെന്റ് ഇലക്ഷൻ നടന്നു. ആ പാർലമെന്റ് ഇലക്ഷനിൽ നിങ്ങൾക്ക് നഷ്ടപ്പെട്ട assembly segments നെ സംബന്ധിച്ച് ഞാൻ പറയാം. പട്ടാമ്പി, തൃത്താല, ചേലക്കര, തുടങ്ങി നിങ്ങളുടെ മൂന്ന് മണ്ഡലങ്ങൾ പോയി. എന്നുവെച്ചാൽ 1999-ൽ നിങ്ങൾക്ക് ഭൂരിപക്ഷമുണ്ടായിരുന്ന assembly segments, you lost in the Parliament election. സത്യമല്ലേ? ഞാറയ്ക്കൽ പോയി, ഗുരുവായൂർ പോയി. എന്നിട്ട് നിങ്ങൾ പത്ത് രാജി ഒന്നിച്ചുവച്ചല്ലോ. ഞാൻ ചോദിക്കട്ടെ ബഹുമാനപ്പെട്ട പി.പി. തങ്കച്ചന്റെ സിദ്ധാന്തം അംഗീകരിക്കുകയാണെങ്കിൽ രാജിവെച്ചാൽ പോര, ട്രെയിനിന് തലവയ്ക്കണം. അത്ര ഗൗരവമുള്ള കാര്യമാണ്.

ശ്രീ. ജി. കാർത്തികേയൻ : അപ്പോൾ കുറയുമെന്നുറപ്പായി, എന്നാലും രാജിവയ്ക്കില്ല അല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : രാജിവയ്ക്കേണ്ടിവരില്ല, ഞങ്ങൾ തൂത്തുവാരാൻ പോകുകയാണ്. അതിന് നിങ്ങൾ ബേജാർ ആകണ്ട. ഞങ്ങൾ തൂത്തുവാരിയാൽ പിന്നെയെന്തിനാ രാജിവയ്ക്കുന്നത്? വേണ്ട, നിങ്ങളോട് രാജിവെയ്ക്കാൻ പറയുന്നതിലും ഭേദം അതിനുള്ള സമയം കളയാതിരിക്കുകയാണ് നല്ലത് എന്ന് പറഞ്ഞു. പിന്നെ അവസാനം പറഞ്ഞത് ഞങ്ങൾ ആരുടെ കൂടേയും പോകുമെന്നാണ്. ഞങ്ങൾ ഈ ഇലക്ഷനിൽ പൊളിറ്റിക്കലായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

എടുത്തിട്ടുള്ള വളരെ വ്യക്തമായ tactical line - നെപ്പറ്റിയാണ് പറഞ്ഞത്. ഞങ്ങൾ റസൊല്യൂഷൻ മുഖാന്തിരമാണ് വന്നത്. അല്ലാതെ അതിൽ യാതൊരു ഒളിച്ചുകളിയുമില്ല. ബഹുമാനപ്പെട്ട എ.കെ. ആന്റണിക്ക് ഉന്നതനില വാരത്തിലുള്ള ചർച്ചയിലുള്ള അറിവായിരിക്കാം. ഞങ്ങൾ പറഞ്ഞത്, ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ച എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെയല്ല; ഓരോ സംസ്ഥാനത്തുമുള്ള സമൂർത്തച സാഹചര്യങ്ങൾ വ്യത്യസ്തമാണ്; ആ നിലയ്ക്ക് ഇന്നത്തെ പ്രത്യേക സാഹര്യത്തിൽ നമ്മുടെ ഏറ്റവും വലിയ ശത്രുവായ ബി.ജെ.പി.യുടെ ഹിന്ദുവർഗ്ഗീയ ഫാസിസത്തിന്റെ, വരവിനെ തടുക്കേണ്ടതായിട്ടുണ്ട് എന്നാണ്. അതിനനുസരിച്ച് ഓരോ സംസ്ഥാനത്തിലും ഓരോ രീതിയിൽ അവിടെ നിലനിൽക്കുന്ന സമൂർത്ത സാഹചര്യം കണക്കിലെടുത്തുകൊണ്ട്..... In every state we will have difficult tactical line. ഞങ്ങൾക്കൊരു ശക്തിയുമില്ലാത്തിടത്ത് ഞങ്ങൾ വോട്ട് ഭിന്നിപ്പിച്ച് ജനാധിപത്യമതേതര ശക്തികളുടെകൂടെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളെ കയറാൻ അനുവദിക്കുകയില്ല. നേരേമറിച്ച് ഞങ്ങൾക്ക് കരുത്തുള്ള, ഞങ്ങൾക്ക് സാമാന്യം ശക്തിയുള്ള ബംഗാൾ, ത്രിപുര, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രധാന ഫൈറ്റ് വരിക, യു.ഡി.എഫ്.-ഉം എൽ.ഡി.എഫ് -ഉം കൂടിത്തന്നെയാണ്; ബി.ജെ.പി.യുമായിട്ടില്ല. നിഴലിനോട് യുദ്ധത്തിന് ഞങ്ങളില്ല. ആ ഫൈറ്റിൽ ഇവിടത്തെ കോൺക്രീറ്റ് സിറ്റുവേഷൻ നോക്കി ഇവിടത്തെ tactical line എന്താണെന്നുള്ളതിനെ സംബന്ധിച്ച് സെൻട്രൽ കമ്മിറ്റി തീരുമാനിക്കും. ബേജാറാകേണ്ട. തമിഴ്നാട്ടിലെ tactical line നെ സംബന്ധിച്ച് ഞങ്ങൾ തീരുമാനിച്ചു. കോൺഗ്രസ് ജയലളിതയുമായിട്ട് ധാരണയുണ്ടാക്കും. ഈ പശ്ചിമഘട്ടം കഴിഞ്ഞാൽ നിങ്ങളങ്ങനെ പറയുമോയെന്ന് ഇവിടെ ആരോ ചോദിക്കുകയുണ്ടായി. ഞാൻ ചോദിക്കട്ടെ നിങ്ങൾക്കും പറയേണ്ടിവരികയില്ലേ? ഇവിടെ മാർക്സിസ്റ്റ് പാർട്ടിയെ തോൽപ്പിക്കും എന്നുള്ളത് അവിടെ പറയാൻ പറ്റുമോ? അത് ഇൻഡ്യയുടെ പ്രത്യേക സ്വഭാവമാണ്. അതുകൊണ്ട് ഓരോ സംസ്ഥാനത്തിലും അവിടെ നിലനിൽക്കുന്ന..... ഞാൻ എന്റെ പാർട്ടിയുടെ tactical line, ...ഞാൻ എന്റെ പാർട്ടിയുടെ നേതാവൊന്നുമല്ല. ഞാൻ പാർട്ടിയുടെ വക്താവുമല്ല പക്ഷെ എന്റെ വിവരം വച്ചിട്ട് ഇത് വാർത്താലൈനായിട്ട് എടുത്തുകൊള്ളുക. Tactical line പറയുമ്പോൾ വാചകം സൂക്ഷിച്ച് പറയണം. ഓരോ സംസ്ഥാനത്തിലും ഇന്ന് നിലനിൽക്കുന്ന സമൂർത്ത സാഹചര്യം, സമൂർത്തമായി വിലയിരുത്തി, ആ സംസ്ഥാനങ്ങൾ ജനാധിപത്യശക്തികൾക്ക് മുന്നേറാൻ പറ്റുന്ന രീതിയിലുള്ള tactical line ഞങ്ങൾ സ്വീകരിക്കും. Analysis of concrete situation is the essence of Marxism and Leninism. സമൂർത്ത സാഹചര്യത്തെ സമൂർത്തമായി വിലയിരുത്തി നിഗമനങ്ങളിലെത്തലാണ് മാർക്സിസത്തിന്റേയും ലെനിനിസത്തിന്റേയും ജീവൻ. അത് ആദ്യം മനസ്സിലാക്കണം. ആ തത്വം ഞങ്ങൾ പ്രയോഗിക്കും. അല്ലാതെ ഞങ്ങൾ 'ബഡായി' പറഞ്ഞ് നടക്കുന്നവരല്ല. അതുകൊണ്ട് കേരളത്തിലെ സമൂർത്ത സാഹചര്യമെന്താണെന്ന് നോക്കി ..... കേരളത്തിലെ tactical line സംബന്ധിച്ച് രണ്ട് ദിവസം കഴിഞ്ഞിട്ട് നമുക്ക് കാണാം. കാറൽമാർക്സ് ശ്രീ. ജി. കാർത്തികേയനെ വക്ര കാർത്തികേയാ എന്നു വിളിച്ച് സ്വകാര്യം പറഞ്ഞതാണ്. വരൂ കാർത്തികേയാ എന്ന് വിളിച്ചു..... You are mistaking tactics for opportunism. Tactics is not a bazaar word for revolutionary. ഇതൊക്കെ മനസ്സിലാക്കണം. മാർക്സിസം എന്താണെന്ന് ഞാൻ നിങ്ങൾക്ക് പഠിപ്പിച്ച് തരാം. മറ്റൊരുകാര്യം ഇവിടെ ബഹുമാനപ്പെട്ട കെ. സുധാകരനെ സംബന്ധിച്ചുള്ളതാണ്. എനിക്ക് അതിൽ ഒന്നേ പറയുവാനുള്ളൂ. ഇതിൽ ശ്രീ. കെ. സുധാകരനെപ്പറ്റിയല്ല, ഒരാളുടെ കയ്യിൽനിന്ന് പണം വാങ്ങിയതിനെക്കുറിച്ചാണ്. ഇതിൽ ജുഡീഷ്യൽ അന്വേഷണമല്ല, ആരാണോ ആക്ഷേപക്കാരൻ, അയാളുടെ ഹർജി കിട്ടിയാൽ ആക്ഷേപമുണ്ടെങ്കിൽ അന്വേഷിക്കാമെന്നല്ലാതെ വേറെ ഒരന്വേഷണവും ഇവിടെയില്ല. രമ എന്ന

LIBRARY ARCHIVES Kerala Legislative Assembly

കുട്ടിയിൽനിന്ന് ഒരുലക്ഷം രൂപ വാങ്ങിയെന്നാണ് പറഞ്ഞത്. രമ എന്ന കുട്ടിക്ക് ആക്ഷേപമുണ്ടെങ്കിൽ അത് സംബന്ധിച്ച് അന്വേഷിക്കാമെന്നേ ഗവൺമെന്റിന് പറയാൻ പറ്റുകയുള്ളൂ. അല്ലാതെ എന്തിനും ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പറഞ്ഞാൽ അത് പറ്റുകയില്ല. അന്വേഷണം നടത്തണമെന്ന് ആരു പറഞ്ഞാലും ഗവൺമെന്റിന് പറയാനുള്ളത് പറയാം. ബഹുമാനപ്പെട്ട എ. കണാരൻ പറഞ്ഞാലും ബഹുമാനപ്പെട്ട കെ. സുധാകരൻ പറഞ്ഞാലും ഗവൺമെന്റിന്റെ പൊസിഷൻ ഞാൻ പറയണം. ഒരാൾക്ക് പരാതിയുണ്ടെങ്കിൽ ആ പരാതിയെപ്പറ്റി നിയമാനുസൃതം ഗവൺമെന്റ് അന്വേഷിക്കും. അല്ലാതെ വേറൊരു കാര്യവും ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. അത്രയേയുള്ളൂ. പക്ഷേ പരാതി വേണം. അല്ലാതെ ഒരു അടച്ച അന്വേഷണമൊന്നും ഇവിടെയില്ല. വാർഡ് വിഭജനത്തെപ്പറ്റി പാർട്ടി ഒപ്പീനിയർ ഉണ്ടാക്കണമെന്ന് പറഞ്ഞു. വാർഡു വിഭജനത്തെപ്പറ്റി പലപ്പോഴും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ചോദിക്കുമ്പോൾ നേരത്തെതന്നെ അതിനെപ്പറ്റി പഠിച്ച് അഭിപ്രായം പറയണം. അത് ഇപ്പോൾ കോൺഗ്രസ്സിനും കൊടുക്കാം. എല്ലാവർക്കും കൊടുക്കാം. നിങ്ങൾ ഇപ്പോൾ പറഞ്ഞതു കേട്ടാൽ..... കഴിഞ്ഞ വാർഡ് വിഭജനം ജോറായിട്ടാണ് ഈ ഗവൺമെന്റ് നടത്തിയത്. അത് ഈവൻ കോൺസ്റ്റിറ്റ്യൂഷനിലെ 73, 74 ഭേദഗതികളുടെ (ജെ) വകുപ്പിന് എതിരായിട്ടാണ്. പഞ്ചായത്ത്രാജ് നിയമം അനുസരിച്ചും നഗരപാലികാ നിയമം അനുസരിച്ചും വാർഡ് വിഭജനം നടത്തുന്നത് ഇലക്ഷൻ കമ്മിഷൻ ആയിരിക്കണമെന്നും നിങ്ങൾ അന്ന് പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ ബിൽ അതായിരുന്നു, ഓർഡിനൻസ് അതായിരുന്നു, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത് വന്നപ്പോൾ അതായിരുന്നു, അത് അസംബ്ലിയിൽ വച്ചിട്ടാണ് മാറ്റിയത്. എനിക്കിനി കൂടുതൽ പറയാനില്ല. ഈ ധനവിനിയോഗ ബിൽ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

[5 P.M.]

മി. സ്പീക്കർ : 1999-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ : 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു

പട്ടിക

മി. സ്പീക്കർ : പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ .....

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ .....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 1999-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : 1999-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

(ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ -46

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. ബാബു ദിവാകരൻ
5. ശ്രീ. എൻ. ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. കെ.ഇ. ഇസ്മയിൽ
14. ശ്രീ. എം.വി. ജയരാജൻ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. പി.ജെ. ജോസഫ്
17. ശ്രീ. എ. കണാരൻ
18. ശ്രീ. എൻ. കണ്ണൻ
19. ശ്രീ. എളമരം കരീം
20. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
21. ശ്രീ. പി.കെ. കുമാരൻ
22. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
23. ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. സി.എ. കുര്യൻ
25. ശ്രീമതി ആർ. ലതാദേവി
26. ശ്രീ. പിരപ്പൻകോട് മുരളി
27. ശ്രീ. ടി. നാണുമാസ്റ്റർ
28. ശ്രീ. സി.കെ. നാണു
29. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
30. ശ്രീ. ടി.കെ. നൗഷാദ്
31. ശ്രീ. കെ. പ്രകാശ് ബാബു
32. ശ്രീമതി എൻ.കെ. രാധ
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. പി. രാഘവൻ
35. ശ്രീ. സി.കെ. രാജേന്ദ്രൻ
36. ശ്രീ. രാജു എബ്രഹാം
37. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
38. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
39. ശ്രീ. എസ്. ശർമ്മ
40. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
41. ശ്രീ. സെബാസ്റ്റ്യൻ പോൾ
42. ശ്രീ. ടി. ശിവദാസമേനോൻ
43. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
44. ശ്രീ. പി.എസ്. സുപാൽ
45. ശ്രീ. എം.പി. വർഗ്ഗീസ്
46. ശ്രീ. വർഗ്ഗീസ് വൈദ്യർ

പ്രതികൂലിക്കുന്നവർ - 32

1. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
2. ശ്രീ. പി.കെ. അബ്ദുറബ്ബ്
3. ശ്രീ. എ.കെ.ആന്റണി
4. ശ്രീ. ഇ.എം. അഗസ്തി
5. ശ്രീ. കെ.ബാബു
6. ശ്രീ. പി.കെ.കെ. ബാവ
7. ശ്രീ. കെ.എ. ചന്ദ്രൻ
8. ശ്രീ. പി.ജെ. ഫ്രാൻസിസ്
9. ശ്രീ. ജോണി നെല്ലൂർ
10. ശ്രീ. കെ.സി. ജോസഫ്
11. ശ്രീ. ജി. കാർത്തികേയൻ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. കെ.കെ. നായർ
13. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
14. ഡോ. എം.എ. കുട്ടപ്പൻ
15. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
16. ശ്രീ. എ.കെ. മണി
17. ശ്രീ. ആര്യാടൻ മുഹമ്മദ്
18. ശ്രീ. എം.കെ. മുനീർ
19. ശ്രീ. എം. മുരളി
20. ശ്രീ. എഴുകോൺ നാരായണൻ
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. അടൂർ പ്രകാശ്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി രാധാരാഘവൻ
25. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
26. ശ്രീമതി റോസമ്മ ചാക്കോ
27. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
28. ശ്രീ. കെ. സുധാകരൻ
29. ശ്രീ. എൻ. സുന്ദരൻ നാടാർ
30. ശ്രീ. പി.പി. തങ്കച്ചൻ
31. ശ്രീ. സി.എഫ്. തോമസ്
32. ശ്രീ. കെ.സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 46

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

XII. അവകാശലംഘന പ്രശ്നങ്ങൾ

(1) അനുമതി നിഷേധിക്കപ്പെട്ടവ

മി. സ്പീക്കർ : ആലപ്പുഴ നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കണ്ടിജൻസി ഫണ്ടിൽനിന്നും 130 ലക്ഷം രൂപ വായ്പ നൽകിയതായി നിയമസഭയെ തെറ്റിദ്ധരിപ്പിച്ച് 1997 ജൂലൈ മാസത്തിൽ നടന്ന നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത തുക ഉപധനാഭ്യർത്ഥനവഴി തിരിച്ചുനൽകുന്നതിനു സഭയുടെ വോട്ട് നേടുകയുണ്ടായിയെന്ന് ആരോപിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോനെതിരെ ശ്രീ. ജോണി നെല്ലൂർ അവകാശലംഘനത്തിന് ഒരു നോട്ടീസ് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly